# സംഗീതം - സായൂജ്യം

വിജയലക്ഷ്മി ശ്രുതിമധുരമായി ആലപിക്കുകയാണ്. ശ്രീ ഹരേ ജനാർദ്ദനാ- രേവതിശാനുജാമാം പാഹി.

ജന്മനാ അന്ധതക്കടിമപ്പെട്ട വിജയലക്ഷ്മി എന്ന പെൺകുട്ടിക്ക് ജീവിത ചോദനയാണ് സംഗീതം. കണ്ണുകളില്ലെങ്കിലും ആമുഖത്ത് വിഷാദത്തിന്റേയോ നിസഹായതയുടേയോ ബഹിർസ്ഫുരണമില്ല. അകക്കണ്ണുകളുടെ പ്രകാശം ഈ പതിനേഴുകാരിക്ക് തുണയേകുന്നു.

ശാരീരികവൈകല്യമുള്ളവർക്ക് മറ്റെന്തൊക്കെയോ സിദ്ധികൾ ദൈവം കനിഞ്ഞുനൽകുമെന്നു കേട്ടിട്ടുണ്ട്. അവിരാമമായ സ്ഥിരപ്രയത്നംകൊണ്ട് അത് സാർത്ഥകമാക്കുകയാണ് ഈ പെൺകുട്ടി. സംഗീതവും ഒറ്റക്കമ്പിവീണയും ഏറെ പഥ്യമായ വിജയലക്ഷ്മി സംഗീതത്തിന്റെ അടിസ്ഥാനതത്വങ്ങൾ ഗുരുവിൽനിന്ന് ഹൃദിസ്ഥമാക്കിയതല്ല. കേട്ടറിവ്. അതുമാത്രമാണ് സംഗീതത്തിന്റെ അടിത്തറ. രണ്ടരവയസ്സുമുതൽ തുടങ്ങിയ അഭിനിവേശം. സംഗീതത്തിന്റെ പടവുകൾ ഓരോന്നായി ചവുട്ടിക്കയറി തന്റെ പ്രാഗത്ഭ്യം തെളിയിക്കാൻ നിരവധി അവസരങ്ങൾ ഇവൾക്കുണ്ടായി. അഞ്ചാമത്തെ വയസ്സിൽ ഗാനഗന്ധർവൻ ശ്രീ യേശുദാസിന് ദക്ഷിണനൽകി അനുഗ്രഹം വാങ്ങി ശാസ്ത്രീയസംഗീതം അരങ്ങേറി. തുടർന്നങ്ങോട്ട് സംഗീതം ഹൃദിസ്ഥമാക്കാനുള്ള ത്വരയായിരുന്നു. ഇന്നവൾക്ക് 200 രാഗങ്ങളും ഇരുന്നൂറ് കീർത്തനങ്ങളും ഹൃദിസ്ഥം. രേവതി, ശുഭപന്തുവരാളി, ശിവരഞ്ജിനി എന്നീ രാഗങ്ങളോടാണ് കൂടുതൽ പ്രിയം.

സ്കൂളിൽ പഠിക്കുന്ന കാലത്ത് യുവജനോത്സവത്തിൽ സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്ത് നേടിയ തംബുരു വൈദ്യുതികരിച്ച് ഒറ്റക്കമ്പി വീണയാക്കി. ഇതിലും നേട്ടം കൈവരിച്ചുകഴിഞ്ഞു. എറണാകുളം മഹാരാജാസ്

**ജന്മനാ അന്ധയായ വിജയലക്ഷ്മി സംഗീതവും വീണ വായനയുമായി വേദികളിൽനിന്ന് വേദികളിലേക്ക് നീങ്ങുന്നു. ഗായത്രി വീണയിൽ പ്രാഗത്ഭ്യം നേടിയ ഈ പെൺകുട്ടിപഠനത്തിലും മികവുപുലർത്തുന്നു. ശാരീരികവൈകല്യം ജീവിതവിജയത്തിന് തടസമാകില്ലെന്ന് സ്വാനുഭവത്തിലൂടെ തെളിയിച്ചുകഴിഞ്ഞ ഈ കുട്ടിയെക്കുറിച്ച്.**

**ലക്ഷ്മീദേവി, കൊച്ചി**

കോളജിൽ സംഗീതം പ്രധാന വിഷയമായെടുത്ത് പഠിക്കുന്നു. ഇതിനകം നാനൂറോളം വേദികളിൽ പാടിക്കഴിഞ്ഞു. കേരളത്തിൽ മാത്രമല്ല, ഡൽഹി, ബോംബെ, മദ്രാസ്, ബാംഗ്ളൂർ, ലക്നൗ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെല്ലാം സമ്മാനങ്ങൾ നേടി.

സംഗീതം ഒരു സാഗരമാണ്. ആഴവും പരപ്പുമുള്ളത്, ഇതൊരു വറ്റാത്ത ഉറവയാണ്. എത്ര കോരിക്കുടിച്ചാലും ഇതിനവസാനമില്ല. കൂടുതൽ ജ്ഞാനം നേടണം. എന്നുതന്നെയാണ് എന്റെ ആഗ്രഹം- വിജയലക്ഷ്മി പറഞ്ഞു.

ഏതുതരം സംഗീതത്തോടാണ് പ്രിയം എന്നു ചോദിച്ചാൽ അതിനുമുണ്ട് അവൾക്ക് ഉത്തരം.

ഏതുതരം സംഗീതത്തോടും എനിക്ക് പ്രതിപത്തിയാണ്. ഹിന്ദുസ്ഥാനിയും അഷ്ടപദിയും ലളിതഗാനങ്ങളും സിനിമാപ്പാട്ടുകളും എല്ലാം. ഏത് കേട്ടാലും രാഗം തിരിച്ചറിയാൻ കഴിവുള്ള ഈ പെൺകുട്ടി സാധനയുടെ കാര്യത്തിലും അവിരാമമായിത്തന്നെ പ്രയത്നിക്കുന്നു.

രാവിലെ അഞ്ചുമണിക്കുണരും. വീണയും സംഗീതവും പരിശീലിക്കും. 3 വർഷമായി മാവേലിക്കര പൊന്നമ്മാളുടെ കീഴിൽ സംഗീതവും കുന്നക്കുടി വൈദ്യനാഥരുടെ കീഴിൽ വീണയും പരിശീലിക്കുന്നു.

ബ്രെയ്‌ലി ലിപിവശമില്ല. പഠനവും കാസറ്റു കേട്ടുകൊണ്ടാണ്. 'കാഴ്ച ശക്തി ഉണ്ടായിരുന്നെങ്കിൽ എനിക്കമ്മയെ സഹായിക്കാനാവുമായിരുന്നു, നിഷ്കളങ്കതയോടെ വിജയലക്ഷ്മി പറയുന്നു. ഉദാത്തമായ സംഗീതമേഖലയിൽ മുത്തും പവിഴവും കണ്ടെത്താൻ ശ്രമിക്കുന്ന വിജയലക്ഷ്മിക്ക് സംഗീതത്തിൽ ഒരു ഡോക്ടറേറ്റാണ് ലക്ഷ്യം. വൈക്കം ഉദയനാപുരത്തുകാരിയായ ഈ പെൺകുട്ടി സംഗീതലോകത്തിന് ഒരു വാഗ്ദാനം തന്നെയാണ്.